**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1658** **08.06.2018 ൽ മറുപടിയ്ക്ക്**

## തരിശു കൃഷിക്കായി സാമ്പത്തിക സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.സത്യൻ | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | തരിശു കൃഷിക്കായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കുമോ; | എ) & ബി) | തരിശു ഭൂമിയിൽ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവ കൃഷി ചെയ്യുന്നതിന് സംസ്ഥാനാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നു. തരിശു നിലങ്ങളിൽ നെൽ കൃഷി ചെയ്യുന്നതിന് തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകുന്നു. ഒന്നാം വർഷം ഹെക്ടറിനു 30000/- രൂപയും രണ്ടാം വർഷം 7000/- രൂപയും മൂന്നാം വർഷം 4500/- രൂപയുമാണ് ആനുകൂല്യം നൽകുന്നത്. കർഷകനും ഭൂവുടമയ്ക്കും സഹായധനം വീതിച്ച് നൽകാൻ പദ്ധതിയിൽ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25000/- രൂപയും ഭൂവുടമയ്ക്ക് 5000/- രൂപയും രണ്ടാം വർഷം ഇതു യഥാക്രമം 5800/-രൂപയും 1200/-രൂപയും മൂന്നാം വർഷം 3750/-രൂപയും 750/-രൂപയുമാണ് ധനസഹായം.<br><br>തരിശു ഭൂമിയിൽ പച്ചക്കറി/കിഴങ്ങുവർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിനു 30000/- രൂപയുടെ ആനുകൂല്യം നൽകുന്നു. ഭൂവുടമയ്ക്ക് 5000/- രൂപയും കർഷകന് 25000/- രൂപയുമാണ് ധനസഹായം. ഇപ്രകാരം ധനസഹായം ലഭിക്കുന്ന പച്ചക്കറി കർഷകർ തുടർച്ചയായി മൂന്നു സീസണിലെങ്കിലും പച്ചക്കറി കൃഷി നിലനിറുത്തുവാൻ ബാദ്ധ്യസ്ഥരാണ്.<br><br>നഗര പ്രദേശങ്ങളിലെ കർഷക ഗ്രൂപ്പുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ/ |
| ബി) | തരിശുകൃഷിക്കായി കർഷകർക്ക് ലഭ്യമാക്കുന്ന സാമ്പത്തിക സഹായം എന്തെല്ലാമാണ്; വിശദമാക്കുമോ? | | |

സർക്കാരിതര/ സ്വകാര്യ സ്ഥാപനങ്ങൾ എന്നിവർക്ക് സ്വന്തഭൂമിയിലോ പാട്ടത്തിനോ നെൽകൃഷി ചെയ്യുന്നതിന് പദ്ധതിയധിഷ്ഠിതമായി ധനസഹായം നൽകി വരുന്നു.ഭൂമി തയ്യാറാക്കൽ മുതൽ വിളവെടുപ്പ് വരെയുള്ള എല്ലാ പ്രവർത്തനങ്ങൾക്കും യന്ത്രവൽകരണത്തിനും സംസ്കരണത്തിനും ഈ പദ്ധതി പ്രകാരം പ്രയോജനം ലഭിക്കുന്നു.

Mayal

**സെക്ഷൻ ഓഫീസർ**